# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3711 14.03.2017-ൽ മറുപടിയ്ക്ക്

## ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ നാച്ചുറോപ്പതി

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ നാച്ചുറോപ്പതി സംസ്ഥാനത്ത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കേന്ദ്രത്തിന്റെ അറിയിപ്പുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | ഉണ്ട്. വിവിധ സംസ്ഥാനങ്ങൾക്ക് അയച്ച 5/1/2017-ലെ കേന്ദ്ര സർക്കാരിന്റെ കത്ത് പ്രകാരം ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച തീരുമാനം കൈകൊള്ളുന്നതാണ് എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. |
| ബി) | ഇതുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഏതെങ്കിലും ഏജൻസികൾ ഇടുക്കിയിൽ സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | ഇല്ല. എന്നാൽ ഇടുക്കി ജില്ലാ പഞ്ചായത്ത് ഇൻഡ്യൻ നാച്ചുറോപ്പതി & യോഗ ഗ്രാഡ്വേറ്റ്സ് മെഡിക്കൽ അസോസിയേഷൻ കേരള ചാപ്റ്ററുമായി ചേർന്ന് ഒരു ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ & നാച്ചുറോപ്പതി സ്ഥാപിക്കുന്നതിനായി ഒരു പ്രോജക്റ്റ് പ്രൊപ്പോസൽ ഇടുക്കി ജില്ലാ പഞ്ചായത്ത് സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടുതരുന്നതിന് സന്നദ്ധത അറിയിച്ചുകൊണ്ടുള്ള ഇടുക്കി ജില്ലാ പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | സി) | ഉണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാച്വറോപ്പതിയ്ക്ക് കേരളത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാൻ 20 ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നും ടി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാൻ ആവശ്യമുള്ള സ്ഥലം സർക്കാർ അനുമതിയ്ക്ക് വിധേയമായി വിട്ടുനൽകുവാനും ഡി.റ്റി.പി.സി.യ്ക്ക് മുൻപ് സർക്കാർ കൈമാറിയിട്ടുള്ളതും എന്നാൽ അവർ വികസന പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ചെയ്യാതെ ഇട്ടിരിക്കുന്നതുമായ 106 ഏക്കർ ഭൂമിയിൽനിന്നും 20 ഏക്കർ ഭൂമി ടി ആവശ്യത്തിനായി ഡി.റ്റി.പി.സി.യിൽ നിന്നും തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും 30.03.2016-ലെ ജനറൽ കമ്മിറ്റി യോഗത്തിൽ 18-ാം നമ്പരായി ഇടുക്കി ജില്ലാ പഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ